**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 344** **06-08-2021 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എം. എം. മണി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി. മമ്മിക്കുട്ടി | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ഡാമുകളെയും സംബന്ധിച്ച് സുരക്ഷാ വിഭാഗം നടത്തിയ പരിശോധനകളുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; | (എ) | ജലവിഭവ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഡാമുകളിൽ, കേരളാ ഡാം സുരക്ഷാ അതോറിറ്റി, ഡാം സേഫ്റ്റി റിവ്യൂ പാനൽ, ഡാം സേഫ്റ്റി ഓർഗനൈസേഷൻ, എന്നിവ കാലാകാലങ്ങളിൽ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ പരിശോധിക്കുന്നുണ്ട്. |
| (ബി) | തുടരെയുണ്ടാകുന്ന കനത്തമഴയും പ്രകൃതി ദുരന്തങ്ങളും കണക്കിലെടുത്ത് ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്രജല കമ്മീഷന്റെ മാനദണ്ഡങ്ങൾ പാലിച്ച് ജലവിഭവ വകുപ്പിനു കീഴിലുള്ള എല്ലാ ഡാമുകളിലും വിശദമായ മഴക്കാലപൂർവ്വ പരിശോധനകളും ത്രൈമാസ പരിശോധനകളും നടത്തി, ഡാമുകളുടെ എല്ലാ ഘടകങ്ങളും സുരക്ഷിതവും പ്രവർത്തന സജ്ജമാവുമാണെന്ന് ഉറപ്പ വരുത്തുന്നുണ്ട്. ടി പരിശോധനകളിൽ ഡാമിന്റെ പ്രധാന ഘടകങ്ങളിൽ ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയവ അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മഴക്കാലശേഷവും വിശദമായ പരിശോധനകൾ നടത്തി സുരക്ഷ ഉറപ്പ വരുത്താറുമുണ്ട്. മഴയെത്തുടർന്ന് ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിക്കുന്ന സാഹചര്യത്തിൽ, ഡാമുകളിലെ ജലനിരപ്പ് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനും, അനുവദനീയമായ ജലനിരപ്പിനു മുകളിലേയ്ക്ക് സംഭരണികളിലെ ജലനിരപ്പ് ഉയരാതിരിക്കാൻ ആവശ്യമായ നടപടികൾ, അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിയ്ക്കാനും നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഡാം എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. ഡാമുകളിലെ ജലനിരപ്പും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ദിവസേന വിലയിരുത്തുന്നത് കൂടാതെ സാഹചര്യത്തിന്റെ തീവ്രത കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഓരോ മണിക്കൂറിലെയും സ്ഥിതിഗതികളും വിലയിരുത്താറുമുണ്ട്. അടിയന്തിര |

ഘട്ടങ്ങളിലെ ആശയ വിനിമയത്തിനായി ഡാമുകളിൽ എല്ലാം തന്നെ സാറ്റലൈറ്റ് ഫോൺ ലഭ്യമാ ക്കിയിട്ടുണ്ട്. ഇതിനു പുറമെ ലോകബാങ്ക് സഹായത്തോടെയുള്ള ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (DRIP) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഡാമുകളുടെ അടിയന്തിരമായ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ ചെയ്തു വരുന്നു. കൂടാതെ ഡാമുകളുടെ പ്രവർത്തനം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട Operation & Maintenance Manual, Emergency Action Plan എന്നീ മാർഗ്ഗ രേഖകളും തയ്യാറാക്കിയിട്ടുണ്ട്. കേരള സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ ഡാമിന്റെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്നത് തമിഴ്നാട് ആണ്. 2014 മെയ് 7-ലെ ബഹു. സുപ്രീം കോടതിയുടെ O.S.No.3/2006-ലെ ഉത്തരവ് പ്രകാരം കേന്ദ്രജലകമ്മീഷനിലെ പ്രതിനിധി ചെയർമാനായും കേരളത്തിന്റെയും തമിഴ്നാടിന്റെയും ഓരോ പ്രതിനിധികൾ അംഗങ്ങളായും രൂപീകരിച്ച മൂന്നംഗ മേൽനോട്ട സമിതി കാലാകാലങ്ങളിൽ ഡാം പരിശോധന നടത്തുകയും ഡാമിന്റെ ബലക്ഷയവും സുരക്ഷാകാര്യങ്ങളും സൂക്ഷ്മനിരീക്ഷണം നടത്തുകയും ആവശ്യമായ നടപടികൾ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇതിനോട് അനുബന്ധിച്ച് രൂപീകരിച്ച മുല്ലപ്പെരിയാർ മേൽനോട്ട ഉപസമിതി, മുല്ലപ്പെരിയാർ ഡാമിൽ പരിശോധന നടത്തിയ റിപ്പോർട്ടുകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും സർക്കാർ ഇതു സംബന്ധിച്ച് കേന്ദ്രജലകമ്മീഷനുമായും തമിഴ്നാടുമായും ബന്ധപ്പെട്ട് വേണ്ട പരിഹാര നടപടികൾ എടുക്കുകയും ചെയ്തു വരുന്നു. കനത്ത മഴ സമയത്ത് ജലവിതാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, തമിഴ്നാട് കൊണ്ടു പോകുന്ന ജലത്തിന്റെ അളവ് എന്നിവ ഡാമിന്റെ ചുമതലയുള്ള കേരള ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ചു വരികയും ഡാമിന്റെയും ഡാമിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെയും സുരക്ഷ ഉറപ്പ് വരുത്തുവാനായി അണക്കെട്ടിൽ നിന്നും കൂടുതൽ ജലം തമിഴ്നാട് കൊണ്ടു പോകുവാനും ജലവിതാനം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കുന്ന സാഹചര്യം ഉണ്ടായാൽ ആ വിവരം 24 മണിക്കൂറിനു മുമ്പായി കേരളത്തെ അറിയിക്കണമെന്നും കേരളം തമിഴ്നാടിനോടും, മേൽനോട്ട സമിതിയുടെ ചെയർമാനോടും , കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെടാറുണ്ട്. ഇത് കൂടാതെ, ദുരന്തനിവാരണ

| | | | |
|---|---|---|---|
| | | | വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03/06/2021ൽ രൂപീകരിച്ച കമ്മിറ്റി, യോഗം ചേർന്ന്, അന്തർ സംസ്ഥാന ഡാമുകളുടെ ജലവിതാനത്തിന്റെ നിജസ്ഥിതിയും, റൂൾകർവ് അനുസരിച്ച് സംസ്ഥാനത്തെ ഡാമുകളുടെ പ്രവർത്തനവും നിരീക്ഷിച്ച് വരുന്നുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി, വാളയാർ, ചുള്ളിയാർ, മീങ്കര, കുറ്റ്യാടി എന്നീ അണക്കെട്ടുകളുടെ വിശദമായ ഫ്ലഡ് മാപ്പും റൂൾകർവും തയ്യാറാക്കിയിട്ടുണ്ട്. റൂൾകർവ് അനുസരിച്ച് അണക്കെട്ടിൽ ശേഖരിക്കുന്ന ജലം, എമർജൻസി ആക്ഷൻ പ്ലാൻ, ഓറഞ്ച്ബുക്ക് എന്നിവ പ്രകാരം നിയന്ത്രിതമായും പുഴയിലെ ജലനിരപ്പ് നിരീക്ഷിച്ച് സുരക്ഷിതമായും തുറന്ന് വിട്ടുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഡാമുകളോട് അനുബന്ധിച്ച് നടത്തിവരുന്ന ടൂറിസം പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (സി) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമുഴി ഡാമിനോട്ട ചേർന്നുള്ള പ്രദേശത്ത് ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ 3.13 കോടി രൂപയുടെ ടൂറിസം വികസന പദ്ധതികൾ KIIDC മുഖേന പൂർത്തീകരിച്ചു വരുന്നു. പഴശ്ശി ബാരേജിന്റെ താഴെ ഭാഗത്ത് ഇടതുകരയിലായി DTPCയുടെ നേതൃത്വത്തിൽ ചെറിയ ഒരു ടൂറിസം പദ്ധതി നടന്നു വരുന്നുണ്ട്. കാരാപ്പുഴ ഡാമിനോട് ചേർന്നു വരുന്ന പ്രദേശത്ത് നടപ്പാക്കി വരുന്ന ടൂറിസം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കി സന്ദർശകരെ പ്രവേശിപ്പിച്ച് വരുന്നുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ ഡാമുകളിൽ ടൂറിസം പദ്ധതികൾ നിലവിലുണ്ട്. കാഞ്ഞിരപ്പുഴ ഡാമിനോട് ചേർന്നുള്ള ഉദ്യാനത്തിലെ പ്രവർത്തനങ്ങൾ DTPC മുഖേനയാണ് നടന്നു വരുന്നത്. പെരിയാർ വാലി പ്രോജക്റ്റിനു കീഴിലുള്ള ഭൂതത്താൻകെട്ട് ബാരേജിലും പമ്പാ ജലസേചന പദ്ധതിയുടെ കീഴിലുള്ള മണിയാർ ബാരേജിലും DTPCയുടെ കീഴിലാണ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയ്ക്കു കീഴിൽ മലങ്കര ഡാമിൽ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ (2.5കോടി രൂപ) ഹാബിറ്റാറ്റ് ഗ്രൂപ്പ്, എൻട്രൻസ് പ്ലാസാ, നടപ്പാത, ആംഫിതീയേറ്റർ എന്നിവയും ഇടുക്കി ജില്ലാ DTPCയുടെ ധനസഹായത്തോടെ (15 ലക്ഷം രൂപ) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കുട്ടികളുടെ പാർക്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. വാഴാനി ഡാമിനോട് അനുബന്ധിച്ച് ടൂറിസം പദ്ധതികൾ നടത്തുന്നത് DTPCയുടെ കീഴിലുള്ള ഡി.എം.സി ആണ്. നെയ്യാർ ഡാമിൽ Development of Neyyar Dam as tourist destination Phase-I പൂർത്തീകരിച്ചിട്ടുണ്ട്. Phase-II-ന് അനുമതി ലഭിച്ചിട്ടുണ്ട്. അതിന്മേലുള്ള തുടർ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു വരുന്നു. തെന്മല ഡാമിൽ KIIDC മുഖേന ടൂറിസം പദ്ധതിയുടെ പ്രവൃത്തി നടപ്പിലാക്കി വരുന്നു. |
| (ഡി) | ഡാമുകളോട് അനുബന്ധിച്ച് സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് ടൂറിസം പദ്ധതികൾ വ്യാപിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളോട് അനുബന്ധിച്ചുള്ള നിലവിലെ ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതു വഴി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ഇപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഡാമുകളുടെയും സന്ദർശകരുടെയും സുരക്ഷിതത്വത്തിനു തന്നെയാണ് മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ